## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6104** **28.10.2011-ൽ മറുപടിക്ക്.**

**കണ്ണൂർ വിമാനത്താവളം - തിരുവനന്തപുരത്ത് വച്ച് ഒരു ഉന്നതതല യോഗം ചേർക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (എ) യും (ബി) യും | കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ഒന്നും രണ്ടും ഘട്ടങ്ങളിലായി 1275.9 ഏക്കർ ഭൂമി ഏറ്റെടുത്ത് കിൻഫ്രക്ക് കൈമാറിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 783 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | | |
| (സി) | കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമുള്ള പ്ലാൻ, ഡിസൈൻ മുതലായവ തയ്യാറാക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2012 - ൽ റൺവെയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. മൂന്നു വർഷം കൊണ്ട് വിമാനത്താവളത്തിന്റെ ആദ്യ ഘട്ടം പൂർത്തീയാക്കാൻ കഴിയും. |
| (ഡി) | കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വർക്ക് ഷെഡ്യൂളിന്റെ കലണ്ടർ ലഭ്യമാക്കുമോ; | | |
| (ഇ) | വിമാനത്താവള നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും കൂടുതൽ വേഗത കൈവരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രി, എക്സൈസ് വകുപ്പുമന്ത്രി, ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് തിരുവനന്തപുരത്ത് ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുവാൻ തയ്യാറാകുമോ? | (ഇ) | കണ്ണൂർ വിമാനത്താവള പദ്ധതിയുടെ പുരോഗതി സർക്കാർ നിരന്തരം വിലയിരുത്തി വരുന്നു. ഉദ്യോഗസ്ഥതലത്തിൽ മുഖ്യമന്ത്രി 2 യോഗം വിളിച്ചു ചേർത്തു. ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി യോഗം വിളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ